Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

14.8.2017

All Kerala Press Release
*Ref: 590KCBC/K-6/KPR/DS*

## കേരളപഞ്ചായത്തിരാജ്, മുനിസിപ്പാലിറ്റി ഭേദഗതിബിൽ : ഭരണപരിഷ്ക്കാര കമ്മീഷൻ നിലപാടു വ്യക്തമാക്കണം

കൊച്ചി: മദ്യശാലകൾക്ക് അനുമതി നല്കാനുള്ള തദ്ദേശ സ്ഥാപനങ്ങളുടെ അധികാരം റദ്ദാക്കുന്നതിനുള്ള കേരള പഞ്ചായത്തിരാജ്, മുനിസിപ്പാലിറ്റി ഭേദഗതി ബില്ലുകൾ പാസാക്കുന്നതിൽനിന്ന് സർക്കാർ പിന്മാറണം. പ്രാദേശിക വികസനവും ജനപങ്കാളിത്തവുമാണ് തദ്ദേശ സ്ഥാപനങ്ങളുടെ ആത്മാവെന്നിരിക്കെ, അവയ്ക്കു തുരങ്കം വയ്ക്കുന്ന നടപടികൾ ജനാധിപത്യത്തിനും ജനങ്ങളുടെ സ്വയം നിർണ്ണയാവകാശത്തിനും വിരുദ്ധമാണ്. ജനങ്ങളുടെ അധികാരം സർക്കാർ കവർന്നെടുക്കാൻ നടത്തുന്ന നീക്കങ്ങളെക്കുറിച്ച് സംസ്ഥാന ഭരണപരിഷ്ക്കാര കമ്മീഷൻ നിലപാടു വ്യക്തമാക്കണം. ജനങ്ങളുടെമേൽ മദ്യസംസ്ക്കാരം അടിച്ചേൽപ്പിക്കാനും മദ്യശാലകൾക്കുനേരെയുള്ള പ്രാദേശികമായ ചെറുത്തുനില്പുകൾ പോലീസിനെ ഉപയോഗിച്ച് അടിച്ചൊതുക്കാനുമുള്ള എൽഡിഎഫ് സർക്കാരിന്റെ ശ്രമം മദ്യ ലോബിയോടുള്ള അവരുടെ വിധേയത്വം വെളിപ്പെടുത്തുന്നതാണ്.

തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ, ജനങ്ങളോടുള്ള ഉത്തരവാദിത്തം നിർവഹിക്കുന്നതിൽനിന്നു തടയുന്ന പ്രസ്തുത ബില്ലുകൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് നിരക്കാത്തതും ജനാധിപത്യ മൂല്യങ്ങൾക്കു വിരുദ്ധവുമാണ്. പ്രസ്തുത ബില്ലുകൾ പാസാക്കുന്നതിൽനിന്ന് ഭരണപ്രതിപക്ഷ പാർട്ടികൾ പിന്മാറണമെന്ന് ആഗസ്റ്റ് 7 മുതൽ 11 വരെ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ ചേർന്ന കെസിബിസി സമ്മേളനം ആവശ്യപ്പെട്ടു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗിക വക്താവ്, കെസിബിസി/
ഡയറക്ടർ, പിഒസി

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com